
# കുന്നംകുളം സിംഹാസന പള്ളിയുടെ

## *കേസ് ഡയറി*

**ഫാ. ഡോ. കെ.എം. രാജൻ, M.Sc., M.Ed., Ph.D.**




**പഴയ കൊച്ചി സംസ്ഥാനത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തു സ്ഥിതി ചെയ്യുന്ന പ്രസിദ്ധവും പുരാതനവുമായ ഒരു ക്രൈസ്തവ കേന്ദ്രമാണ് കുന്നംകുളം. അവിടെ കുരിശാകൃതിയിലുള്ള അങ്ങാടികളിലായി സുറിയാനിക്രിസ്ത്യാനികൾ നിബിഡമായി വസിക്കുന്നു. കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുനിന്ന് ഒരു മൈൽ തെക്കുമാറി സ്ഥിതിചെയ്യുന്ന ആർത്താട്ട് വലിയ പള്ളിക്ക് 900 വർഷത്തോളം പഴക്കമുണ്ട്. ഈ ഇടവകയിൽ 1910 മുതൽ നടന്നുവന്ന വ്യവഹാരങ്ങൾമൂലം പാത്രിയർക്കീസ് കക്ഷിക്കാരായവരുടെ ആത്മീയാവശ്യങ്ങൾ നടത്തുന്നതിന് പ്രയാസം നേരിട്ടു.**

### *കെ. മാണി വറുഗീസ് മാസ്റ്ററുടെ ഡയറിക്കുറിപ്പിൽ നിന്ന്*

**"കുന്നംകുളം പട്ടണത്തിലും പരിസരങ്ങളിലുമുള്ള പാത്രിയർക്കീസ് കക്ഷിയിൽപെട്ടവർക്ക് അവരുടെ വിശ്വാസപ്രകാരമുള്ള മതാചാരങ്ങൾ നടത്തുവാൻ നിവൃത്തിയില്ലാത്ത പരിതസ്ഥിതി വന്നെത്തി. കുന്നംകുളം തെക്കെ അങ്ങാടിയിൽ ചെറുവത്തൂർ ഇയ്യപ്പൻ എന്ന ഒരു വയസ്സന്റെ അന്ത്യശുശ്രൂഷകളും ശവസംസ്കാര ശുശ്രൂഷകളും അന്നു പാത്രിയർക്കീസ് കക്ഷിയിലുണ്ടായിരുന്ന ഏകപുരോഹിതൻ ചെറുവത്തൂർ മാത്തു കത്തനാരാൽ നടത്തപ്പെട്ടു എന്ന കാരണത്താൽ, പള്ളിയിൽ നിന്നു കബർ കിട്ടാത്തതിനാൽ ശവം മഞ്ചലിലാക്കി ഒരു വണ്ടിയിൽ ആളുകൾ വലിച്ചുകൊണ്ടുപോയി. ഇടയ്ക്കുവെച്ച് എതൃകക്ഷികൾ കുറെ ആളുകളെ അയച്ച് ശവം കൊണ്ടുപോയവരെ തല്ലുവാനും, ഉപദ്രവിപ്പാനും തുടങ്ങിയതിനാൽ ശവം റോഡരുകിൽ ഒരു വണ്ടിയിൽ കിടത്തി പോരേണ്ടിവന്നു.**

ആ ശവം മൂന്നുദിവസം മഞ്ചലിലായി വണ്ടിയിൽ കിടന്നു. മരിച്ച ആളുടെ മകൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെയും അന്നത്തെ പോലീസ് സൂപ്രണ്ടിന്റെയും അടുക്കൽ ചെന്ന് നിലവിളിച്ചതിന്റെ ശേഷം 3-ാം ദിവസം രാത്രി ശവം ആർത്താട്ട് വലിയപള്ളി ശവക്കോട്ടയിൽ സംസ്കരിപ്പാൻ കല്പന കിട്ടി. എതൃകക്ഷികളെയുള്ള ഭയംനിമിത്തം അന്നു രാത്രി ശവം അടക്കുവാൻ പാത്രിയർക്കാ കക്ഷിയിലെ വാറുണ്ണി, കാക്കുണ്ണി എന്നിവരും ഒരു ശെമ്മാശനും (ചീരൻ ശെമ്മാശൻ) മാത്രം പോയി വണ്ടിയിൽ നിന്ന് ശവം എടുത്ത് സംസ്കരിച്ചുപോന്നു.

ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ പാത്രിയർക്കാ കക്ഷിക്കാർക്ക് ഒരു പള്ളിക്കുവേണ്ടി ആർത്താട്ടു ദേശത്തിന്റെ വടക്കേ അതിർത്തിയിൽ ഒരു സ്ഥലം വാങ്ങി....... അന്നത്തെ പോലീസ് സൂപ്രണ്ടിന്റെ പക്ഷപാതവും, ധിക്കാരവും ഭയപ്പെടേണ്ട കാലമായിരുന്നു എങ്കിലും പുണ്യവാനായ ഒസ്താത്തിയോസ് ബാവായെ പ്രധാന പട്ടണത്തിൽ കൂടെ കൊണ്ടുവരാൻ ശ്രമിച്ചു. ദൈവത്തിന്റെ വലിയ കൃപയാൽ, മുൻപ്രസ്താവിച്ച വാറുണ്ണി, കാക്കുണ്ണി എന്നിവരും ശേഷം എല്ലാ വിശ്വാസികളുടെയും സംഘടിത അകമ്പടിയോടെ പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടെ ബാവായെ ടി സ്ഥലത്തു കൊണ്ടുവന്നു.”

ഈ സാഹചര്യത്തിൽ പാത്രിയർക്കീസ് ബാവായുടെയും അദ്ദേഹം നിയമിക്കുന്ന ഡെലിഗേററിന്റേയും നേരിട്ടുള്ള ഭരണത്തിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന് അവർ ആഗ്രഹിച്ചു. ഈ ഉദ്ദേശ്യത്തെ മുൻനിർത്തി കുത്തൂര് ഉക്കുറു ചേറു, ചെറുവത്തൂര് ഉക്കുറു ചേറു, ചീരൻ ഇട്ട്യേരചേറു, ചെറുവത്തൂര് ചാക്കുണ്ണി മാത്തു, തെക്കേക്കര ഉക്കുറു വാറു, ചീരൻ തറയിൽ വറിയത് ചേറു, ചീരൻതറയിൽ വറിയത് മത്തായി, പുലിക്കോട്ടിൽ വറിയത് ഇയ്യാവു, പുലിക്കോട്ടിൽ ചെറിയാക്കു വറിയത്, വടക്കൻ ചാക്കു പൈലുണ്ണി, ചീരൻ ഉക്കുറു ചേറുണ്ണി, അരിമ്പൂര് പൗലോസ് ചേറു എന്നിവർ ചേർന്ന് അമ്പതു രൂപ വീതം വരിയെടുത്ത്, പാറമേൽ അയ്പു വക്കീൽ, ഇട്ടുപ്പ് എന്നിവരുടെ മാതാവായ പനക്കൽ അന്നാമ്മയിൽ നിന്ന് ഒരേക്കർ സ്ഥലം വാങ്ങി. പ്രസ്തുത സ്ഥലം പാത്രിയർക്കീസ് ബാവായുടെ പേർക്ക് എഴുതിക്കൊടുക്കുന്നതിനു തീരുമാനിച്ചു. പാത്രിയർക്കീസ് ബാവായുടെ നിർദേശാനുസരണം സിംഹാസനപ്രതിനിധിയായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ അവരുടെ അപേക്ഷ സ്വീകരിച്ച് വേണ്ട പ്രവർത്തനങ്ങൾ ചെയ്യാമെന്ന് സമ്മതിച്ചു. ബാവാ ചുമതലപ്പെടുത്തിയതനുസരിച്ച് ചെറുവത്തൂർ മാത്തു കത്തനാരും സ്ഥലത്തിന്റെ ഉടമസ്ഥരായ പന്ത്രണ്ടുപേരും കൂടി പള്ളി വെക്കുന്നതിന് സർക്കാരിൽ നിന്ന് അനുവാദത്തിന് അപേക്ഷിച്ചു. അപേക്ഷ ആദ്യം നിരസിച്ചെങ്കിലും പിന്നീട് അനുവദിച്ചു. അനുവാദം ലഭിച്ചശേഷം ബാവാ 1920 ഒക്ടോബർ 9-ാംനു പള്ളിയുടെ ശിലാസ്ഥാപനം നടത്തി. സ്ഥലത്തിന്റെ ഉടമസ്ഥർ നേരത്തെ സമ്മതിച്ചിരുന്നതുപോലെ 1921 ജനുവരി 7-ാംനു പള്ളി വെക്കുന്നതിനുള്ള സ്ഥലം ബാവായ്ക്ക് ദാനമായി എഴുതിക്കൊടുത്തു.

# കുന്നംകുളം
# സിംഹാസന പള്ളിയുടെ ആധാരം

1096ൽ നമ്പ്ര് 798

കൊച്ചിശീമ തലപ്പിള്ളി താലൂക്ക്, കുന്നംകുളം വില്ലേജ്, കുന്നംകുളം അങ്ങാടിയിൽ ക്രിസ്ത്യാനികളും കച്ചവടക്കാരും ആയ കുത്തൂര് ഉക്കുറു മകൻ 50 വയസ്സ് 1. ചേറുവും, ചെറുവത്തൂര് ഉക്കുറു മകൻ 51 വയസ്സ് 2. ചേറുവും, ചീരൻ ഇട്ട്യേരാ മകൻ 29 വയസ്സ് 3. ചേറുവും, ചെറുവത്തൂര് ചാക്കുണ്ണി മകൻ 45 വയസ്സ് 4. മാത്തുവും, തെക്കേക്കര ഉക്കുറു മകൻ 50 വയസ്സ് 5. വാറുവും, ചീരൻ തറയിൽ വറീയ്ത് മകൻ 44 വയസ്സ് 6. ചേറുവും, ചീരൻ തറയിൽ വറിയ്ത് മകൻ 38 വയസ്സ് 7. മത്തായിയും, പുലിക്കോട്ടിൽ വറിയ്ത് മകൻ 65 വയസ്സ് 8. ഇയ്യാവുവും, പുലിക്കോട്ടിൽ ചെറിയാക്കു മകൻ 43 വയസ്സ് 9. വറീയ്തും വടക്കൻ ചാക്കു മകൻ 29 വയസ്സ് 10. പൈലുണ്ണിയും മേഞ്ചേരി പാറയിങ്ങാടിയിൽ ചീരൻ ഉക്കുറു മകൻ 39 വയസ്സ് 11. ചേറുണ്ണിയും, കുന്നംകുളം വാലിപ്പറമ്പു അങ്ങാടിയിൽ അരിമ്പൂരു പൗലോസ് മകൻ 43 വയസ്സ് 12. ചേറുവും കൂടി ഏഷ്യാ ഭൂഖണ്ഡത്തിൽ തുർക്കിരാജ്യത്തിൽ ഉള്ള അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴും ഏലിയാസ്സ് എന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ മാർ ഇഗ്നാത്തിയോസ് ബാവ തിരുമനസ്സിലേക്കു എഴുതികൊടുത്ത് ദാനതീറാധാരം. മലങ്കരെ യാക്കോബായ സുറിയാനി സഭയുടെ പ്രധാന ഭരണമേലദ്ധ്യക്ഷൻ അന്ത്യോഖ്യാ സിംഹാസനത്തിൽ അതാതു കാലത്തു വാഴുന്ന മോറാൻ മാർ ഇഗ്നാത്തിയോസ്സ് പാത്രിയർക്കീസ്സുബാവാ തിരുമനസ്സുകൊണ്ടാണെന്ന് സഭയുടെ സ്ഥാപനകാലം മുതൽ വിശ്വസിച്ചും അംഗീകരിച്ചും വരുന്നതായിരിക്കെ ആ മേലധികാരത്തെ ഇല്ലായ്മ ചെയ്തു തങ്ങൾക്കു ലഭിക്കണമെന്നുള്ള ദുർമ്മോഹത്താൽ മലങ്കരെയുള്ള മെത്രാപ്പോലീത്തന്മാരിൽ ചിലരുടെ പ്രവൃത്തിയുടെ ഫലമായി സഭ ഒട്ടുക്കും ഓരോ എടവകയിലും അതുപോലെ ആർത്താട്ട് കുന്നംകുളം എടവകയിലും കലഹം വർദ്ധിച്ചതു നിമിത്തം വിശുദ്ധ പാത്രിയർക്കീസ്സു ബാവ തിരുമേനി മലയാളത്ത് തന്റെ പ്രതിനിധിയായി അയക്കുകയോ, നിയമിക്കുകയോ ചെയ്യപ്പെടുന്നവർക്ക് യാക്കോബായ സഭയുടെ നിയമപ്രകാരം പള്ളികളിൽ താമസിക്കുന്നതിനും വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതിനും തരമില്ലാതെ വന്നിരിക്കയാൽ അതിനെ തൽക്കാലം പരിഹരിക്കേണ്ടതു അത്യാവശ്യമെന്നു തോന്നുകയാൽ കുന്നംകുളം 95ൽ 40-ാം നമ്പ്രായി രജിസ്ട്രാക്കിച്ചു വാങ്ങിയ ജന്മതീറാധാരപ്രകാരം സിദ്ധിച്ചതും കൊച്ചി ഗവൺമെന്റിൽ ഹർജി കൊടുത്ത് 1920 ഒക്ടോബർ 6-ാംന് 71-ാം നമ്പ്രായി ഉണ്ടായ കല്പനപ്രകാരം പള്ളി ശവക്കോട്ട മുതലായതു വെയ്ക്കുവാൻ അനുവാദം സിദ്ധിച്ചതും ആയ താഴെ പട്ടികയിൽ പറയുന്ന വഹകളും, എപ്പേർപ്പെട്ട കുഴിക്കൂറുചമയങ്ങളും അതുകളിന്മേൽ ഞങ്ങൾക്കുള്ള സകല അവകാശങ്ങളും കൂടി അന്ത്യോഖ്യ സിംഹാസനത്തിങ്കലേക്കു 700 ക. (എഴുന്നൂറു ഉറുപ്പികക്ക്) ദാനമായി ഒഴിഞ്ഞ് ഇപ്പോഴത്തെ സിംഹാസന പ്രതിനിധിയായ നിദാന്തവന്ദ്യ ദിവ്യശ്രീ ശ്ലീബാ മോർ ഒസ്താത്തിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു കൈവശം തന്നിരിക്കുന്നു. എന്നാൽ അവകളെ കൈവശം വെച്ച് സകല ഭരണാധികാരങ്ങളും നടത്തി സംരക്ഷണചെയ്തു അഭിവൃദ്ധിപ്പെടുത്തി വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതിനും എല്ലാവിധ കർമ്മാവശ്യങ്ങളേയും നടത്തിത്തരുന്നതിനും അല്ലാതെ അവകളെ യാതൊരുവിധത്തിലും കടപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ മറ്റോ സിംഹാസനത്തിനോ പ്രതിനിധിക്കോ ആർക്കും പാടില്ലാത്തതും ആകുന്നു. മേലാൽ വഹകളുടെ നടത്തിപ്പിനേയും മററും സംബന്ധിച്ച് ആലോചന ചെയ്ത് കാര്യാദികൾ നടത്തുന്നതിന് അംഗങ്ങളിൽ നിന്ന് കയ്ക്കാരന്മാരെയൊ മറ്റോ നിശ്ചയിച്ച് എല്ലാ കാര്യാദികളും നടത്തിക്കേണ്ടതും അങ്ങനെ നടത്തുന്നതിൽ വിശുദ്ധ പാത്രിയർക്കീസ്സ് ബാവാ തിരുമനസ്സുകൊണ്ട് മലയാളത്തിലേക്ക് എഴുന്നള്ളുന്ന കാലത്ത് ആ തിരുമേനിയുടേയോ അവിടുത്തെ പ്രതിനിധിയുടേയോ ടി. പള്ളിയിലും സ്ഥലത്തും ഉള്ള പ്രവേശനത്തിന്നോ മറ്റോ യാതൊരു തടസ്ഥവും നേരിടുവാൻ പാടില്ലാത്തതും നേരിടുന്നതല്ലാത്തതുമാകുന്നു. മേൽപ്രകാരം കൈക്കാരന്മാരെയോ മറ്റോ നിശ്ചയിച്ചിട്ടുള്ളവരിൽ ആരെങ്കിലും അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കരസഭ

മേലുള്ള അധികാരത്തിന്നോ യാക്കോബായ വിശ്വാസാചാരങ്ങൾക്കോ എതിരായി പ്രവർത്തിക്കുന്നു എന്നു സിംഹാസനത്തിന്നോ പ്രതിനിധിക്കോ ബോദ്ധ്യപ്പെട്ടാൽ ആ ആളെ മാററി വേറെ ആളെ നിയമിക്കുന്നതിനും കയ്ക്കാരന്മാരിൽ ആർക്കെങ്കിലും ഒഴിവു വരുന്ന അവസരത്തിൽ പകരം ആളെ നിയമിക്കുന്നതിനും സിംഹാസനത്തിനോ, പ്രതിനിധിക്കോ അധികാരമുള്ളതാകുന്നു. പട്ടികയിൽ പറയുന്ന വഹകളേയും പള്ളി മുതലായവകളേയും സംബന്ധിച്ച് കയ്ക്കാരന്മാർ മുതലായവരുടെ നടത്തിപ്പ് സിംഹാസനത്തിലേയോ, പ്രതിനിധിയുടേയോ കൽപനയ്ക്ക് കീഴ്പെട്ടിരിക്കേണ്ടതും വല്ല സന്ദർഭവശാലും അന്ത്യോഖ്യാ പ്രതിനിധിയായി മലയാളത്ത് ഒരാൾ ഇല്ലാതെ വരുന്ന അവസരത്തിൽ സിംഹാസനത്തിങ്കൽ നിന്ന് പ്രത്യേകമായി അധികാരപ്പെടുത്തുന്നാളുടെ ആജ്ഞക്ക് കീഴ്പ്പെട്ടിരിക്കേണ്ടതുമാകുന്നു. ഇതെന്ന് താഴെ എഴുതുന്ന സാക്ഷികൾ അറികെ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

എന്ന്, 1096 ധനുമാസം 23-ാംന്, 2-ാം സാക്ഷി കയ്യെഴുത്ത്.

1. ചേറു (ഒപ്പ്) 2. ചേറു (ഒപ്പ്) 3. ചേറു (ഒപ്പ്) 4. മാത്തു (ഒപ്പ്) 5. വാറു (ഒപ്പ്) 6. ചേറു (ഒപ്പ്) 7. മത്തായി (ഒപ്പ്) 8. ഇയ്യാവു (ഒപ്പ്) 9. വറീയ്ത് (ഒപ്പ്) 10. പൈലുണ്ണി (ഒപ്പ്) 11. ചേറുണ്ണി (ഒപ്പ്) 12. ചേറു (ഒപ്പ്)

സാക്ഷി : 1. ഇട്ട്യേരാ (ഒപ്പ്) 2. മാത്തു (ഒപ്പ്)

പുണ്യവാനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ ശെമ്മാശനായിരുന്നപ്പോൾ, പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസിയോസ് തിരുമേനിയോടുകൂടെ 1889 മുതൽ 1906 വരെ പഴയ സെമിനാരിയിൽ താമസിച്ചിരുന്നു. 1908ൽ പുലിക്കോട്ടിൽ തിരുമേനി കാലം ചെയ്ത ശേഷം, പ. അന്ത്യോഖ്യാ സിംഹാസനവുമായി വട്ടശ്ശേരിൽ തിരുമേനി അകന്നതിനെ തുടർന്ന് മലങ്കരയിലുണ്ടായ ചേരിതിരിവും, തർക്കങ്ങളുമാണ് സിംഹാസനപള്ളികൾ സ്ഥാപിക്കുന്നതിനിടയാക്കിയത്. ഏതാണ്ട് ഒരു നൂററാണ്ട് കഴിഞ്ഞിട്ടും ഈ അവസ്ഥ ഇന്നും ആവർത്തിക്കുന്നു എന്നത് സിംഹാസനപള്ളികളുടെ സ്ഥാപനോദ്ദേശ്യത്തെ സാധൂകരിക്കുന്നു.

1920 മുതൽ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ കുന്നംകുളത്ത് സിംഹാസനപള്ളി പണിയുന്നതിനായി പരിശ്രമിക്കുകയും, കുറെ പണികൾ പൂർത്തീകരിക്കുകയും ചെയ്തു. 1927 ആയപ്പോഴേക്കും ബാവ ക്ഷീണിതനായി. പ. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം ഏലിയാസ് മോർ യൂലിയോസ് ബാവ അന്ത്യോഖ്യാ സിംഹാസനത്തിന്റെ ഇന്ത്യയിലെ പ്രതിനിധിയായി നിയമിക്കപ്പെട്ടു. ക്ഷീണിതനും, രോഗിയുമായ തന്റെ മുൻഗാമിയെ ശുശ്രൂഷിച്ചും, അവശ്യമായ ഭരണകാര്യങ്ങൾ നിയന്ത്രിച്ചും യൂലിയോസ് ബാവ കുന്നംകുളത്ത് ദീർഘകാലം താമസിച്ചു.

1930 മാർച്ച് 19-ാം തീയതി പുണ്യവാനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവ കാലം ചെയ്തു. 1930 മുതൽ 1958 വരെയുള്ള കാലയളവിൽ പുണ്യവാനായ ഏലിയാസ് മോർ യൂലിയോസ് ബാവ പള്ളിയുടെ സ്ഥാപന ഉദ്ദേശ്യമനുസരിച്ച് പള്ളി ഭരണം നടത്തുകയും പള്ളിയുടെ വടക്കുഭാഗത്തെ ഇരുനില കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. മഞ്ഞിനിക്കരയിൽ കബറടങ്ങിയ പ. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശനത്തോടനുബന്ധിച്ചാണ് ഈ കെട്ടിടം പണിതത്. 1944-ൽ പാറന്നൂരിലുള്ള സത്യവിശ്വാസികൾ ഒരു സ്ഥലം വാങ്ങുകയും, പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിൽ ഒരു കുരിശുപള്ളി പണിയിക്കുകയും ചെയ്തു. 1947 നവംബർ 27-ാം തീയതി കുരിശുപള്ളിയുടെ കൂദാശ നിർവഹിച്ചു. പുണ്യവാനായ ഏലിയാസ് മോർ യൂലിയോസ് ബാവായുടെ അനുവാദപ്രകാരം 1961ൽ വി. ദൈവമാതാവിന്റെ നാമത്തിലുള്ള ചാപ്പലിന്റെ പണി ആരംഭിച്ചു.

1957 മാർച്ച് 25ന് സിംഹാസനപ്രതിനിധിയായ ഏലിയാസ് മോർ യൂലിയോസ് ബാവ വൈശ്ശേരി യിലെ സെന്റ് തോമസ് കുരിശുപള്ളിക്കു തറക്കല്ലിട്ടു. താമസിയാതെ പണി പൂർത്തീകരിച്ചു.

കുന്നംകുളം പ്രദേശത്തുള്ള പള്ളികളിൽ, വലിയപള്ളിയായിരുന്നു കുന്നംകുളം സിംഹാസനപള്ളി. അതിന്റെ പണിയിൽ മേൽനോട്ടം വഹിച്ചിരുന്നത് അന്നത്തെ വികാരിയായിരുന്ന ബ: ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാരായിരുന്നു. (1926 – 1959)



## *1958 മുതൽ 1967 വരെ*

1959ൽ K.L.T. 721 ആയി റിപ്പോർട്ട് ചെയ്ത സഭാകേസ്സിലെ സുപ്രീംകോടതി വിധിയെ തുടർന്ന് മലങ്കരസഭയിൽ നിലവിലുണ്ടായിരുന്ന ബാവാ കക്ഷി – മെത്രാൻകക്ഷി തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ: പാത്രിയർക്കീസ് ബാവ, ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്കു സഭാസമാധാന കല്പന അയച്ചു (ഡിസംബർ 9, 1958)

ആ കല്പനയുടെ അടിസ്ഥാനത്തിൽ 1959 മാർച്ച് 19–ാംനു (സ്ലീബാ മോർ ഒസ്താത്തിയോസ് ബാവാ യുടെ 29–ാം ശ്രാദ്ധദിനത്തിന്റെ തലേദിവസം ശനിയാഴ്ച കാലത്ത്) അന്നത്തെ മലങ്കര യാക്കോ ബായ സുറിയാനി സഭയിലെ ബാവാകക്ഷിയിലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ പൗലോസ് മോർ സേവേറിയോസ് തിരുമേനി, മെത്രാൻകക്ഷിയിലേക്കു കാലുമാറിയ അന്നത്തെ സിംഹാസനപള്ളി കൈക്കാരൻ പനക്കൽ ഇയ്യാക്കുമാത്തു, വൈദികരായ ചെറുവത്തൂർ ഉക്രു മാത്തു കത്തനാർ, പുലിക്കോട്ടിൽ ഇട്ട്യേര ജോസഫ് കത്തനാർ എന്നിവരുടെ സഹകരണത്തോ ടെയും, മലങ്കര യാക്കോബായ സുറിയാനി സഭയിലെ ആർത്താട്ട് – കുന്നംകുളം മഹാഇടവകയിലെ മെത്രാൻകക്ഷിക്കാരായ ഒരു വിഭാഗമാളുകളുടെ പിൻബലത്തോടും, പോലീസധികാരികളുടെ മൗനാ നുവാദത്തോടും കൂടി ആർത്താട്ട് – കുന്നംകുളം സിംഹാസന പള്ളിയിലേക്ക് അതിക്രമിച്ചു കടക്കുന്ന തിനു ശ്രമിച്ചു. സിംഹാസനപള്ളി നാളിതുവരെ ഭരിച്ചുവന്നിരുന്ന അന്ത്യോഖ്യാ സിംഹാസന പ്രതി നിധി ഏലിയാസ് മോർ യൂലിയോസ് ബാവായും, സെക്രട്ടറി മടപ്പാട്ട് യാക്കോബ് റമ്പാച്ചനും (പിന്നീട് യാക്കൂബ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) ആ അവസരത്തിൽ സിംഹാസന പള്ളിയിലുണ്ടായി രുന്നു. സിംഹാസനപള്ളിയിലെ പുണ്യവാനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ കബ റിങ്കൽ കൈക്കാരനായിരുന്ന ചീരൻ തരകൻ ചേറുണ്ണി ചേറപ്പായി, സെക്രട്ടറിയായിരുന്ന കണ്ണനാ

യ്ക്കൽ മാണി വർഗ്ഗീസ് മാസ്റ്റർ, പള്ളിയിലെ കപ്യാരായിരുന്ന കൊള്ളന്നൂർ കാക്കു തേച്ചൻ മുതലായവർ ഈ അനധികൃത പ്രവേശനത്തെ എതിർക്കുകയും, R.D.O.വിന് മുൻകൂട്ടി ഹർജി കൊടുക്കുകയും ചെയ്തിരുന്നു. R.D.O. മുഹമ്മദാലി സംഭവസമയത്തു പള്ളിയിൽ വരികയും, അതിക്രമിച്ചു കടക്കുന്നതിന് മൗനാനുവാദം കൊടുത്ത് പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിക്കും, ആരാധകർക്കും നീതി നിഷേധിക്കുകയുമാണ് ചെയ്തത്. തുടർന്ന് പള്ളിപറമ്പിൽ സംഘർഷാവസ്ഥ സംജാതമായി.

ബാവായുടെ ശ്രാദ്ധദിനമായ മാർച്ച് 19-ാംനു ഞായറാഴ്ച കാലത്ത് 6 A.M.ന് പാത്രിയർക്കാ പ്രതിനിധിയും സിംഹാസനപള്ളിയുടെ മെത്രാപ്പോലീത്തായുമായ ഏലിയാസ് മോർ യൂലിയോസ് ബാവാ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. റാസയും, സദ്യയും സംഘർഷമില്ലാതെതന്നെ പര്യവസാനിച്ചു. മെത്രാൻകക്ഷിക്കാർ, യൂലിയോസ് ബാവായെ "സമാധാനവിരുദ്ധൻ" എന്ന് ആക്ഷേപിച്ച് തേജോവധം ചെയ്യുന്നതിനുള്ള പ്രചരണശ്രമങ്ങളിൽ മുഴുകി.

മലങ്കരസഭയിൽ സമാധാനം വരുന്നതോടുകൂടി പ. അന്ത്യോഖ്യാസിംഹാസനത്തിന്റേതായ സ്വത്തുക്കളും അതാതു ഭദ്രാസനങ്ങളിൽ ലയിപ്പിക്കണമെന്ന, "സ്ഥാപനോദ്ദേശ്യത്തിനു കടകവിരുദ്ധമായ" നിലപാടാണ് കുന്നംകുളത്തെ കേസ്സുകൾക്കും സംഘർഷങ്ങൾക്കും കാരണമായത്. മാത്രവുമല്ല; നാട്ടുമെത്രാൻ - ശീമക്കാരൻ എന്ന വേർതിരിവുകളും കുന്നംകുളം സിംഹാസനപള്ളിയിലെ ആരാധകരിൽ ആശയക്കുഴപ്പം സൃഷ്ടിച്ചു. സിംഹാസനപള്ളിയിൽ നിന്നുള്ള രണ്ടു വൈദികരും, പ. സിംഹാസന പ്രതിനിധിയിൽ നിന്നു പട്ടം വാങ്ങി, ആ പുണ്യപിതാവിന് (ഏലിയാസ് മോർ യൂലിയോസ് ബാവ) എതിരായി മറുപക്ഷം ചേർന്നത് ഏറെ ദുഃഖകരമായി.

സ്വാധീന ശക്തിയും, ധനത്തിന്റെ പിൻബലവും, കുന്നംകുളം സിംഹാസനപ്പള്ളിയിൽ വരുന്നവരുടെ ആശയക്കുഴപ്പവും പ്രശ്നങ്ങൾ സങ്കീർണ്ണമാക്കി. 1942-ൽ കണ്ടനാട് മെത്രാപ്പോലീത്ത ഔഗേൻ മോർ തിമോത്തിയോസ് കാതോലിക്കാപക്ഷത്തേക്കു ചേർന്നതിനെ തുടർന്ന്, 1946-ൽ പ. അപ്രേം പാത്രിയർക്കീസ് ബാവ വാഴിച്ച രണ്ടുപേരിലൊരാളായിരുന്നു (ചെറായി മുളയിരിക്കൽ പൗലോസ് റമ്പാച്ചൻ) കൊച്ചി ഭദ്രാസനത്തിന്റെ പൗലൂസ് മോർ സേവേറിയോസ് തിരുമേനി, അഭിവന്ദ്യ തിരുമേനി പ. പാത്രിയർക്കീസ് ബാവായ്ക്കോ അദ്ദേഹത്തിന്റെ പ്രതിനിധിയായ ഏലിയാസ് മോർ യൂലിയോസ് ബാവായ്ക്കോ എതിരാകുമെന്നു ചിന്തിക്കാൻപോലും കഴിയുമായിരുന്നില്ല. മാത്രവുമല്ല, ഏറെ വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്ന തിരുമേനി, കാതോലിക്കാ പക്ഷത്തേക്കു മാറിയപ്പോൾ എതിർക്കാനും ആളുകൾ തയ്യാറായില്ല. ഈ ആശയക്കുഴപ്പം, സിംഹാസനപള്ളിയിൽ നിത്യേന തർക്കങ്ങൾക്കു കാരണമായി. വാക്കേററങ്ങളും, വഴിതടയലും, ആരാധന തടസ്സപ്പെടുത്തലുകളും, പോലീസ് ഇടപെടലുകളും കൊണ്ട് വിശ്വാസികൾ പൊറുതിമുട്ടി. തങ്ങളുടെ മാതൃദൈവാലയം (ആർത്താട്ട് വലിയപള്ളി) ഉപേക്ഷിച്ചു പുതിയ സ്ഥലം വാങ്ങുകയും അത് പ. അന്ത്യോഖ്യാ - സിംഹാസനത്തിനു ദാനമായി നൽകി അതിൽ ഒരു പുതിയ ദൈവാലയം പണിത് തങ്ങളുടെ വിശ്വാസം നിലനിർത്തുന്നവരെ വെറുതെ വിടുന്നില്ലെന്നു വന്നപ്പോൾ നീതിന്യായപീഠത്തെ സമീപിക്കുകയല്ലാതെ മററു മാർഗ്ഗമില്ലെന്നുവന്നു. അങ്ങിനെയാണ് കേസ്സാരംഭിക്കുന്നത്.

## *O.S. No. 67/1959 filed on 8th July 1959*

O.S. 67/1959 നമ്പർ കേസ്സ് അഭിവന്ദ്യ ഏലിയാസ് മോർ യൂലിയോസ് ബാവ വാദിയായും കൊച്ചി ഭദ്രാസനത്തിന്റെ പൗലോസ് മോർ സേവേറിയോസ് ഉൾപ്പെടെ 13 പേരെ പ്രതികളാക്കിയുമാണ് തൃശൂർ സബ്കോടതിയിൽ ഫയൽ ചെയ്തത്. കുന്നംകുളം സിംഹാസനപള്ളിയുടെ ആധാരപ്രകാരവും കഴിഞ്ഞ 40 വർഷത്തെ ഭരണക്രമീകരണ കീഴ്വഴക്കവുമനുസരിച്ച് പള്ളിയും അനുബന്ധ സ്വത്തു

ക്കളും മലങ്കരസഭയ്ക്കു പുറത്താണെന്നും സ്ഥാപനോദ്ദേശ്യപ്രകാരം പ. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിലും ഭരണത്തിലുമാണെന്ന് സ്ഥാപിച്ചുകിട്ടുന്നതിനും പ്രതികളായ കാതോലിക്കാ, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത തുടങ്ങിയവർക്ക് ഈ പള്ളിയിലോ സ്ഥാപനത്തിലോ യാതൊരുവിധ അധികാര അവകാശങ്ങളോ ഇല്ലെന്ന് സ്ഥാപിച്ചു കിട്ടുന്നതിനും പ്രതികളെയും അവരുടെ ആളുകളേയും സിംഹാസനപള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും ഇടപെടുന്നതിൽ നിന്നും ശാശ്വതമായി നിരോധിക്കണമെന്നുമായിരുന്നു അപേക്ഷയുടെ ചുരുക്കം.

1926 മുതൽ കുന്നംകുളം സിംഹാസനപള്ളി വികാരിയായിരുന്ന ബ. ചെറുവത്തൂർ ഐപ്പ് മത്തായി കത്തനാർ (വെട്ടിക്കുന്നച്ചൻ) 21-12-1959ൽ നിര്യാതനായി. ബ. അച്ചന്റെ മൃതശരീരം അടക്കം ചെയ്യുന്നതിനു തടസ്സം സൃഷ്ടിക്കുകയും അതേതുടർന്ന് 23-ാംന് പെരുമ്പള്ളി സെന്റ് ജോർജ് സിംഹാസന പള്ളിയിൽ കബറടക്കുകയും ചെയ്തു.

പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായ ഏലിയാസ് മോർ യൂലിയോസ് ബാവ, പ. പാത്രിയർക്കീസ് ബാവായുടെ പവർ ഓഫ് അട്ടോർണി ഹാജരാക്കിയില്ല എന്ന സാങ്കേതികകാരണം പറഞ്ഞ് കോടതി O.S. No. 67/59 കേസ്സ് തള്ളിക്കളഞ്ഞു.

കേസിന്റെ നടപടികൾ കോടതിയിൽ നടന്നുവരവെ, 1960 മാർച്ച് 18-ാംനു കൊച്ചി ഭദ്രാസനമെത്രാപ്പോലീത്താ മോർ സേവേറിയോസിന്റെ കല്പനപ്രകാരമെന്നു പറഞ്ഞ്, കബറിങ്കൽ കൈക്കാരനായിരുന്ന സി.സി. ചേറപ്പായിയുടേയോ, പള്ളിയുടെ ഭരണാധികാരിയായിരുന്ന യൂലിയോസ് ബാവായുടേയോ സമ്മതമോ, അറിവോ കൂടാതെ കബറിങ്കലുണ്ടായിരുന്ന ഭണ്ഡാരം മെത്രാൻകക്ഷിക്കാർ എടുത്തുമാററുകയും, ഒളിപ്പിച്ചുവെക്കുകയും ചെയ്തു. ഇതറിഞ്ഞ് സത്യവിശ്വാസികൾ പള്ളിയിൽ എത്തിച്ചേർന്നു. രംഗം സംഘർഷാവസ്ഥയിലേക്ക് നീങ്ങി. ഭണ്ഡാരത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരനും കബറിങ്കൽ കൈക്കാരനുമായ, സി.സി. ചേറപ്പായി കുന്നംകുളം പോലീസ്സിൽ ഭണ്ഡാരം കളവ് പോയിരിക്കുന്നതായി പരാതിപ്പെട്ടു. പോലീസ് ഒരു F.I.R. എടുത്തു. പ്രതികളെ കാണിച്ചുകൊടുത്തിട്ടും പോലീസന്വേഷണം എങ്ങുമെത്താത്ത നിലയിലായപ്പോൾ വിശ്വാസികളുടെ രോഷം ആർത്തിരമ്പി. ഭണ്ഡാരപ്പെട്ടി വി. കബറിന്റെ മുമ്പാകെ വെച്ചശേഷമെ ബാവായുടെ അടിയന്തിരത്തിന്റെ പരിപാടികൾ നടത്തേണ്ടതുള്ളൂ എന്ന് വിശ്വാസികൾ തീരുമാനിച്ചു. സർക്കിൾ ഇൻസ്പെക്ടറായിരുന്ന തങ്കപ്പന്റെ നേതൃത്വത്തിൽ ഒരു വലിയ സംഘം പോലീസുകാർ, സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനായി സംഭവസ്ഥലത്തു നിലയുറപ്പിച്ചു.

പിറേറദിവസം (1960 മാർച്ച് 19) ബാവായുടെ ശ്രാദ്ധദിനത്തിൽ, സംഘർഷം പരിഹൃതമാകാതെ തന്നെ പള്ളിയകത്ത് മോർ സേവേറിയോസ് വി. കുർബ്ബാന ആരംഭിച്ചു. എന്നാൽ സത്യവിശ്വാസികളുടെ ഒരു വലിയ സംഘം പള്ളിക്കകത്തും പരിസരത്തും പ്രവേശിച്ചു. പോലീസ് സംരക്ഷണത്തോടെ സേവേറിയോസ് തിരുമേനിയും പരിവാരങ്ങളും രക്ഷപ്പെട്ടു. പോലീസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, R.D.O. സഖറിയ മാത്യു പള്ളിയിൽ വരികയും, ഭണ്ഡാരം പ്രതികളിൽ നിന്നും വീണ്ടെടുത്തു കബറിങ്കൽ യഥാസ്ഥാനത്ത് സ്ഥാപിക്കുകയും ചെയ്തു. എന്നാൽ Cr. P.C. 144 പ്രകാരം ഭണ്ഡാരങ്ങൾ എല്ലാം കസ്റ്റഡിയിലെടുക്കുകയും അതിന്റെ താക്കോൽ C.C. ചേറപ്പായിയിൽനിന്നു വാങ്ങി റിസീവറായി നിയമിതനായ ശ്രീ ഗോവിന്ദൻകുട്ടി മേനോനെ ഏൽപിക്കുകയും ചെയ്തു.

26-3-60ൽ C.C. No. 71/60 ആയി തൃശൂർ Ist ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ മെത്രാൻകക്ഷിയിലെ ഫാ. സി.സി. ജോസഫ് ചുങ്കത്തും, ഫാ. മാത്തു ചെറുവത്തൂരും കൂടി, ടി.സി. ഐപ്പിനെ ഒന്നാം പ്രതിയാക്കിയും, മറ്റു 23 പേരേയും കൂട്ടി 24 പേരുടെ പേരിൽ ഒരു സ്വകാര്യ ക്രിമിനൽ അന്യായം കൊടുത്തു. സംഘർഷസമയത്ത് മുൻപിലുണ്ടായിരുന്ന പണക്കാരേയും സ്വാധീനശക്തിയുള്ളവരെയും ഒഴിവാക്കി പാവപ്പെട്ടവരും, ഇടത്തരക്കാരുമായവരുടെ പേരിലാണ് കേസ്സ് കൊടുത്തത്.

**C.C. No: 71/1960, Trichur Ist Class Magistrate Court**
**അന്യായക്കാർ:- 1. ചെറുവത്തൂർ മാത്തുകത്തനാർ 2. ചുങ്കത്ത് ചുമ്മാർ ജോസഫ് കത്തനാർ**
**പ്രതികൾ:- റ്റി.സി. ഐപ്പു മുതൽപേർ**

മലങ്കര യാക്കോബായ സഭയിലെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത പൗലോസ് മോർ സേവേറിയോസ്, 16/3/60ന് ഞായറാഴ്ച കാലത്ത് വി. കുർബാന ചൊല്ലുമ്പോൾ പ്രതികൾ "മാരകായുധങ്ങളുമായി പള്ളിയകത്തു നിയമവിരുദ്ധമായി സംഘം ചേർന്നു വി. കുർബാനയ്ക്കു തടസ്സം സൃഷ്ടിച്ചു എന്നും തങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തി"യെന്നുമായിരുന്നു കേസ്സ്. കേസ്സ് പിന്നീട് കുന്നംകുളം സബ് മജിസ്ട്രേറ്റ് കോടതിയിലേക്കു C.C. 62/61 നമ്പ്രായി മാറ്റി. മജിസ്ട്രേട്ടായിരുന്ന ടി. ശിവരാമമേനോൻ തന്റെ വിധിപ്രസ്താവത്തിൽ 7 പേർ 81 രൂപ വീതം പിഴശിക്ഷയ്ക്ക് വിധിച്ചു.

ശിക്ഷിക്കപ്പെട്ട പ്രതികൾ തൃശൂർ ഡിസ്ട്രിക്ട് കോടതിയിൽ അപ്പീൽ നൽകി. ജഡ്ജിയായിരുന്ന എം. ബാലകൃഷ്ണമേനോൻ 29-9-1962ൽ, പ്രതികൾ കുററക്കാരല്ലാത്തതിനാൽ വിട്ടയയ്ക്കുന്നതിനും ഈടാക്കിയ പിഴ തിരികെ കൊടുക്കുന്നതിനും വിധിച്ചു. ഈ കേസ്സിൽ പ്രതികൾക്കുവേണ്ടി ഹാജരായത് അഡ്വ. പി.വി. അയ്യപ്പനാണ്.

ഡിസ്ട്രിക്ട് കോടതി വിധിക്കെതിരെ മെത്രാൻകക്ഷിക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ജസ്റ്റീസ് ഗോവിന്ദമേനോന്റെ ബഞ്ചിൽ വാദം കേൾക്കുകയും, ഡിസ്ട്രിക്ട് കോടതിവിധി ശരിവെക്കുകയും ചെയ്തു. പ്രതികൾക്കുവേണ്ടി അഡ്വ. കെ.പി. സൂര്യനാരായണയ്യരും, അഡ്വ. പി.പി. ജോണും ഹാജരായി. മെത്രാൻകക്ഷിക്കുവേണ്ടി ഹാജരായത് പിന്നീട് ഹൈക്കോടതി ജഡ്ജിയായ ചേറ്റൂർ ശങ്കരൻനായരായിരുന്നു.

## ജാമ്യക്കാരുടെ പേരിൽ കേസ്സ്

"പശു ചത്താലും മോരിലെ പുളി പോകില്ല" എന്നുപറഞ്ഞപോല മേൽപറഞ്ഞ കേസ്സിൽ പ്രതികളെ ജാമ്യമെടുത്തവരുടെ പേരിലും മെത്രാൻകക്ഷിക്കാർ കേസ്സുകൊടുത്തു. ഭീഷണികളെയും, എതിർപ്പുകളേയും, വകവെക്കാതെ പ്രതികളെ ജാമ്യമെടുത്തത് സി.സി. പോൾ, വി.ഐ. ഇയ്യാവു, വി.കെ. സൈമൺ, കെ. മാണി വർഗ്ഗീസ്, കെ.സി. ഇട്ട്യേച്ചൻ, സി.സി. കുര്യൻ, സി.ഐ. പൈലുണ്ണി, പി.സി. ജോർജ്ജ് എന്നിവരായിരുന്നു. ഇതിൽ സി.ഐ. പൈലുണ്ണി, പി.സി. ജോർജ് എന്നിവരുടെ പേരിൽ സ്വത്തില്ലെന്നും, "സ്വത്തുള്ളവരാണ്" എന്ന് വ്യാജസത്യവാങ്മൂലം കോടതിയിൽ ഹാജരാക്കിയാണ് അവർ പ്രതികളെ ജാമ്യമെടുത്തതെന്നും ആയതുകൊണ്ട് അവരുടെ പേരിൽ കോടതിയെ വഞ്ചിച്ചതിന് നടപടികൾ സ്വീകരിച്ച് ശിക്ഷിക്കണമെന്നും കാണിച്ച് അന്യായക്കാർ വീണ്ടും കേസ്സ് കൊടുത്തു. എന്നാൽ പ്രതിഭാഗം അഡ്വ. പി.വി. അയ്യപ്പൻ അന്യായക്കാരുടെ ഹർജിയെ എതിർത്ത് അന്യായക്കാർക്ക് ഇക്കാര്യത്തിൽ കോടതിയുടെ തീരുമാനത്തെ ചോദ്യം ചെയ്യാൻ അധികാരമില്ലെന്നും വാദിച്ചു. ഈ വാദം സ്വീകരിച്ചുകൊണ്ട് പ്രതികൾക്കെതിരായ കേസ്സ് കോടതി തള്ളി. അതിന്മേലും അന്യായക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകി. പ്രതികൾക്കുവേണ്ടി അഡ്വക്കേററ് ജനറൽ കെ.വി. സൂര്യനാരായണയ്യർ വാദിക്കുകയും, പ്രതികളായ സി.ഐ. പൈലുണ്ണിയേയും പി.സി. ജോർജ്ജിനേയും വെറുതെ വിടുകയും ചെയ്തു.

# പിക്കറ്റിങ്ങും, അറസ്റ്റു വരിക്കലും

1961 മാർച്ച് മാസത്തിൽ ബാവായുടെ അടിയന്തിരത്തിന് പ്രധാന കാർമ്മികത്വം വഹിക്കുന്നതിന് മെത്രാൻകക്ഷിയിലെ കാതോലിക്ക ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ വരുന്നുണ്ടെന്ന് തീർച്ചയായി.

അടിയന്തിരദിവസം ഞായറാഴ്ച രാവിലെ 9 മണിയോടെ ഗീവർഗ്ഗീസ് ദ്വിതീയനും, സഹമെത്രാപ്പോലീത്തമാരും സിംഹാസനപള്ളിയുടെ കവാടത്തിൽ എത്തിച്ചേർന്നു. സി.വി. ജോബിന്റെ നേതൃത്വത്തിലുള്ള സന്നദ്ധഭടന്മാർ ഗാന്ധിയൻ സത്യാഗ്രഹമുറയിൽ നിലത്തുകിടന്ന് പിക്കററ് ചെയ്തു. ഇതേസമയം വമ്പിച്ച ജനാവലി കാതോലിക്കോസിനെതിരായി മുദ്രാവാക്യം മുഴക്കിക്കൊണ്ട് നിന്നിരുന്നു. ഉയർന്ന പോലീസുദ്യോഗസ്ഥന്മാർ സന്നദ്ധഭടന്മാരെ രണ്ടു ബാച്ചായി അറസ്റ്റു ചെയ്തു കുന്നംകുളം സ്റ്റേഷനിൽ കൊണ്ടുപോയി. (ടി.സി. ഐപ്പ്, വി.ഐ. കുരിയൻ, സി.ഐ. ഇയ്യാവു, സി.ഐ. പൈലുണ്ണി, സി.സി. വറിയത്, മണ്ടോക്കര ചുമ്മാർ, എ.വി. താവുട്ടി, കെ.വി. ഉക്രു, കെ.വി. തോമാച്ചൻ തുടങ്ങിയവരാണ് അറസ്റ്റിലായത്) കുർബാന സമയം കഴിഞ്ഞപ്പോൾ കേസ്സ് ചാർജ് ചെയ്യേണ്ടതില്ല എന്ന് തീരുമാനിക്കുകയും, സന്നദ്ധഭടന്മാരെ വിട്ടയക്കുകയും ചെയ്തു. അന്ന് ഏറെ വാർത്താപ്രാധാന്യം നേടിയ ഈ സംഭവം, കുന്നംകുളത്തെ സത്യവിശ്വാസികൾക്ക് പല ഭാഗങ്ങളിൽ നിന്നും പിന്തുണ ലഭിക്കുന്നതിനിടയാക്കി. കോട്ടയത്തെ അഡ്വ. നൈനാനേയും, മത്തായി മുണ്ടാക്കൻ മണർകാടിനേയും ഇത്തരുണത്തിൽ നന്ദിപൂർവ്വം ഓർക്കാതിരിക്കുവാൻ നിവൃത്തിയില്ല.

പിക്കററിങ്ങിനും, അറസ്റ്റിനും ശേഷം ഉച്ചക്ക് ശ്രീ കെ.സി. ജോർജിന്റെ വസതിയിൽ കൂടിയ സത്യവിശ്വാസികളുടെ യോഗം ഡെലിഗേററായ മോർ യൂലിയോസ് ബാവായുമായി ചേർന്ന് ഒരു പുതിയ അന്യായം കോടതിയിൽ കൊടുക്കുവാൻ നിശ്ചയിച്ചു.

A.S. No. 111/1967ലെ ഫുൾബഞ്ചിന്റെ ഉത്തരവിന്റെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു. “ഞങ്ങളുടെ അഭിപ്രായത്തിൽ കക്ഷികളുടെ അവകാശങ്ങൾ നീതിപൂർവ്വമായി തീരുമാനിക്കുന്നതിന് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത മാത്രമല്ല, മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും കക്ഷികളാകേണ്ടതാവശ്യമാണ്” (കീഴ്ക്കോടതിയിലും, ഹൈക്കോടതിയിലും അവരെ കക്ഷിചേർക്കുന്നതിനെതിരായി പല ഉത്തരവുകളുമുണ്ടായിട്ടുണ്ട്.)

13-12-72 മുതൽ കുന്നംകുളം സിംഹാസനപള്ളി 1958-59 കാലഘട്ടങ്ങളിലേക്ക് മടങ്ങുകയായിരുന്നു. 1967 മാർച്ച് 31 മുതൽ 13-12- 72 വരെയുണ്ടായിരുന്ന ശാന്തത ഇന്നോർക്കുമ്പോൾ യാഥാർത്ഥ്യമാണോ എന്ന സംശയം തോന്നും. ആ അഞ്ചു വർഷങ്ങളിൽ പുണ്യവാനായ ഒസ്താത്തിയോസ് ബാവായുടെ അടിയന്തിരം പഴയകാല പ്രൗഢിയോടെ നേർച്ചസദ്യയോടെ ആഘോഷിച്ചു.

1-8-68ൽ നിലംപതിച്ച പള്ളിയുടെ മുഖവാരം യഥായോഗ്യം പുതുക്കിപണിതു. വികാരി ബ. കെ.വി. കുരിയാക്കോസച്ചനും സഹവികാരിയായിരുന്ന ബ. ഗീവറുഗീസ്സച്ചനും, പിന്നീട് സഹവികാരിയായിരുന്ന ബ. സൈമൺ ചെല്ലിക്കാട്ടിലച്ചനും ഈ കാലഘട്ടങ്ങളിൽ സിംഹാസനപള്ളിയുടെ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ നേതൃത്വം നൽകിയവരാണ്, ഈ കാലയളവിലാണ് മഞ്ഞനിക്കരദയറായിൽ താമസിച്ചുവന്നിരുന്ന റമ്പാച്ചനെ പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, മോർ തിമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയും സിംഹാസനത്തിന്റെ ഇന്ത്യയിലെ ഡെലിഗേററായും കുന്നംകുളം-ആർത്താട്ട് സിംഹാസനപള്ളിയുടെ മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തത്. 1972ൽ കുന്നംകുളത്ത് നവാഭിഷിക്തനായ തിരുമേനിക്ക് സിംഹാസനപള്ളിയുടെ ആഭിമുഖ്യത്തിൽ രാജോചിതമായ വരവേൽപ് നൽകുകയുണ്ടായി. ഈ സംഭവവും സഭാംഗങ്ങളുടെ ഐക്യ

ബോധവും പള്ളിയുടെ അസുലഭമായ വളർച്ചയും മെത്രാൻകക്ഷിക്കാരിൽ അസൂയ വളർത്തി. എങ്ങനെയും സിംഹാസനപള്ളി പിടിച്ചടക്കുന്നതിനുവേണ്ടി മെത്രാൻകക്ഷികൾ അണിയറയിൽ കുതന്ത്രങ്ങൾ മെനഞ്ഞുതുടങ്ങി.

1972ലെ മാർതോമാ സിംഹാസനവാദവും, 19-ാം ചരമശതാബ്ദിയാഘോഷങ്ങളും, സിംഹാസനപള്ളിയിൽ നിന്നു സ്വയമേ പിന്മാറിയവർക്ക് പുനഃപ്രവേശനത്തിന് ഊർജം കൊടുത്തു. ഇതേത്തുടർന്ന് ആർത്താറ്റ് കുന്നംകുളം ഇടവകയിലെ പള്ളികളിൽ നിന്നും ആളുകളെ സംഘടിപ്പിച്ച് സിംഹാസന പള്ളി പിടിച്ചടക്കാനുള്ള രണ്ടാമത്തെ പരിശ്രമങ്ങൾ ആരംഭിച്ചു.




## O.S. No. 47/1961 തള്ളി വിധി പ്രസ്താവിക്കുന്നു

29-1-74ൽ തൃശൂർ സബ്ജഡ്ജിയായിരുന്ന ശ്രീ എസ്. പത്മനാഭൻ O.S. No. 47/61 തള്ളി വിധി പ്രസ്താവിച്ചു. ഇത് വീണ്ടും കുഴപ്പങ്ങൾക്കു വഴി തെളിയിച്ചു. പള്ളിമേടയിൽ താമസിച്ചിരുന്ന വികാരി ഫാദർ കെ.വി. കുരിയാക്കോസിനെ പുറത്താക്കുന്നതിന് പോലീസിനെ സ്വാധീനിച്ചുകൊണ്ട് മെത്രാൻകക്ഷിക്കാർ ശ്രമിച്ചു. ഇത് സംഘർഷത്തിനു കാരണമായി. ഇരുവിഭാഗത്തിലുംപെട്ട ആളുകളുടെ പേരിൽ 107-ാം വകുപ്പ് പ്രകാരം പോലീസ് കേസ് എടുക്കുകയും അവരെ അറസ്റ്റ് ചെയ്ത് ഒരു ദിവസം ലോക്കപ്പിലിട്ടതിനുശേഷം, R.D.O. കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഫാദർ കെ.വി. കുരിയാക്കോസ്സ്, ഫാ.സി.ഐ. സൈമൺ, ടി.സി. ഐപ്പ്, സി.പി. ചേറുണ്ണി, സി.ഐ. വർഗീസ്സ്, പി.കെ. വിത്സൻ, പി.പി. ചുമ്മാർ, വി.കെ. കുരിയച്ചൻ എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്ത് അന്യായമായി ലോക്കപ്പിൽ പാർപ്പിച്ചത്. തുടർന്ന് എല്ലാവർക്കും ജാമ്യം അനുവദിച്ചു. എന്നാൽ പോലീസ് പള്ളിമേടയും തെക്കുവശത്തെ കെട്ടിടവും കസ്റ്റഡിയിൽ വെച്ചു. അതിൽ പ്രതിഷേധിക്കാൻ മോർ ഒസ്താത്തിയോസ് ഹാളിൽ ബാവാകക്ഷിക്കാർ ഒരു യോഗം സംഘടിപ്പിച്ചു. ഇതിൽ പങ്കെടുത്ത് മടങ്ങിപ്പോയിരുന്ന കെ.ഒ. വറുതുണ്ണി, കെ.ഐ. കൊച്ചുണ്ണി, എ.പി. പൈലുണ്ണി എന്നിവർക്കുനേരെ മെത്രാൻകക്ഷിക്കാർ സംഘടിതമായി ആക്രമണം നടത്തി.

ഇതിനിടെ പോലീസ് നടപടികളെ ചോദ്യം ചെയ്തുകൊണ്ട് ഫാദർ കെ.വി. കുരിയാക്കോസ് തൃശൂർ സബ്ബ് കോടതിയിൽ I.A. 1433/1973 ആയി അപേക്ഷ സമർപ്പിച്ചു. 18-9-1973ൽ കാതോലിക്കാകക്ഷിക്കാർ ഇരുനില കെട്ടിടത്തിൽ പ്രവേശിക്കുന്നത് നിരോധിച്ചുകൊണ്ടും, ടി. കെട്ടിടത്തിൽ നിന്ന് ഒഴിഞ്ഞുപോകാനും കോടതി നിർദേശം നൽകി.

ഈ കാലയളവിൽ പള്ളി കെട്ടിടങ്ങൾക്ക് വിശ്വാസികളുടെയും ക്രമസമാധാനപാലകരായ പോലീസിന്റെയും സുശക്തമായ കാവലുണ്ടായിരുന്നു. പള്ളിയുടെ വടക്കുവശത്തുള്ള ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ബ. കെ.വി. കുരിയാക്കോസച്ചനും, മുകളിലത്തെ നിലയിൽ കാതോലിക്കാപക്ഷത്തുള്ള വൈദികരുമാണെന്ന് സ്ഥാപിച്ചെടുക്കാനുള്ള കുതന്ത്രങ്ങളായിരുന്നു മെനഞ്ഞുകൊണ്ടിരുന്നത്. അതനുസരിച്ച് പോലീസിന്റെ സാന്നിദ്ധ്യത്തിൽ താഴത്തെ നിലയിൽ നിന്നും, മുകളിലത്തെ നിലയിൽ നിന്നും ഇരുപക്ഷക്കാരെയും അറസ്റ്റു ചെയ്തതായി രേഖയുണ്ടാക്കി. ഈ നാടകങ്ങൾ അരങ്ങേറുമ്പോൾ പള്ളിക്കു സമീപമുള്ള ശ്രീ പി.കെ. താരു ഡോക്ടറുടെ വീടിനടുത്ത് കാതോലിക്കാകക്ഷിയിൽ പെട്ടവർ സംഘടിക്കുകയും, പള്ളിയിലേക്കുള്ള ടെലിഫോൺ ബന്ധം വിച്ഛേദിക്കുവാൻ ശ്രമിക്കുകയും ചെയ്തു. കൂടാതെ അങ്ങാടിയിലെ പള്ളികളിൽ കൂട്ടമണിയടിച്ച് രാത്രിയിൽ ആളുകളെ കൂട്ടി. ഈ നിർണായക സമയത്ത് ഷെവലിയാർ ടി.സി. ഐപ്പ്, ശ്രീ. സി.ഐ. കുഞ്ഞപ്പൻ, ശ്രീ. സി.വി. ജോബ്, ശ്രീ കെ. പറിഞ്ചു, ശ്രീ പി.കെ. വിത്സൺ തുടങ്ങിയവരുടെ ധീരമായ നടപടികൾ സ്തുത്യർഹമായിരുന്നു.

19-9-1973ൽ C.M.P. No. 107/1973 in C.M.A. No. 120/1973 ആയി ഒരു താൽക്കാലിക ഉത്തരവ് കാതോലിക്ക കക്ഷികൾ സമ്പാദിച്ചു. ഈ താൽക്കാലിക ഉത്തരവ് പ്രകാരം 10/10/73ൽ അപ്പീൽ പരിഗണിക്കുന്നതുവരെ കാതോലിക്ക കക്ഷിക്ക് മതപരമായ ചടങ്ങുകൾക്കാവശ്യമായ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി ഒന്നാം നില അനുവദിച്ചു. താഴത്തെ നിലയും അടുക്കളയും റവ. ഫാ. കെ.വി. കുരിയാക്കോസിനുമായി തുറന്നുകൊടുത്തു. മുകളിലത്തെ നിലയിൽ താമസമാക്കിയ കാതോലിക്കാകക്ഷിക്കാർ അവിടുത്തെ ചിത്രങ്ങൾ മാററുകയും, പുതിയ ചിത്രങ്ങൾ സ്ഥാപിക്കുകയും, പൂട്ടുകൾ മാററുകയും ചെയ്തു. ചെയ്യാവുന്ന ഉപദ്രവങ്ങളെല്ലാം, ചുരുങ്ങിയ ആഴ്ചകൾക്കുള്ളിൽ പൂർത്തീകരിക്കുകയും ചെയ്തു.



## ഇരുനില കെട്ടിടത്തിൽ നിന്നൊഴിയുന്നു

C.M.A. No. 120/1973 ന്റെ അന്തിമതീരുമാനം 13/10/73ൽ വന്നു. അതനുസരിച്ച് മുകളിലത്തെ നിലയിൽ നിന്നു കാതോലിക്കാ കക്ഷിക്കാർ ഒഴിഞ്ഞുപോകാൻ ഉത്തരവായി. 18/8/73ലെ തൃശൂർ സബ്ബ് കോടതിയുടെ തീരുമാനം സ്ഥിരീകരിക്കുകയും ചെയ്തു.

19/9/73 മുതൽ 31/10/73 വരെ ഒന്നാം നിലയിൽ വിശ്രമിച്ചവർ, കോടതിവിധിപ്രകാരം ഇറങ്ങിപോകാൻ വിസമ്മതിച്ചു. ഒടുവിൽ മുകളിലെ മുറിയിലെ പള്ളിസാധനങ്ങൾ എടുക്കാൻ അനുവദിക്കണമെന്നായി. എല്ലാം എടുത്ത് തരാമെന്ന നിലപാടിൽ ഉറച്ചുനിന്ന് മുകളിലേക്കുള്ള ഗോവണിപ്പടിയിൽ വിശ്വാസികൾ ഇരിപ്പുറപ്പിച്ചു. രാത്രി ഏറെ വൈകി കാപ്പയും മററും എടുത്തുകൊടുക്കുകയും ചെയ്തു.

# O.S. No. 47/1961 തള്ളിയതിനെതിരെ A.S. 200/74 ആയി അപ്പീൽ ബോധിപ്പിക്കുന്നു

കീഴ്ക്കോടതി അന്യായം തള്ളിയ സാഹചര്യത്തിൽ ഹൈക്കോടതിയിൽ A.S. 200/74 നമ്പരായി വീണ്ടും അപ്പീൽ നൽകി. പ്രസ്തുത അപ്പീലിൽ ജസ്റ്റീസ് സുബ്രഹ്മണ്യൻ പോററിയും, ജസ്റ്റീസ് കെ. സുകുമാരനും ഉൾപ്പെട്ട ഡിവിഷൻ ബഞ്ച് വാദം കേട്ടു. കീഴ്ക്കോടതി വിധി അസ്ഥിരപ്പെടുത്തിക്കൊണ്ടും "ആർത്താട്ട് സിംഹാസനപള്ളി മലങ്കരസഭയ്ക്ക് അകത്താണോ, പുറത്താണോ" എന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടും വീണ്ടും കീഴ്ക്കോടതിയിൽ വാദം കേൾക്കണമെന്നും 31-12-81ൽ വിധി പ്രസ്താവിച്ചു. ഈ കേസ്സ് O.S. No. 2/83 നമ്പരായി എറണാകുളം ഫസ്റ്റ് അഡീഷനൽ ഡിസ്ട്രിക്ട് കോടതിയിലെത്തി. O.S. No. 2/1983, 29-11-2002ൽ വിധിയായി. വിധിയനുസരിച്ച് കുന്നംകുളം സിംഹാസനപള്ളിയുടെ ഭരണം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയിലൊ, ബാവായാൽ പ്രത്യേകമായി നിയമിക്കപ്പെടുന്ന മെത്രാപ്പോലീത്തായിലൊ നിക്ഷിപ്തമാണ്. മലങ്കര ഓർത്തഡോക്സ് കാതോലിക്ക, കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത, അവരുടെ പ്രതിനിധികൾ എന്നിവരെ പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്ന് ശാശ്വതനിരോധന ഉത്തരവു മൂലം വിലക്കി. ആരാധനയ്ക്ക് തടസ്സമുണ്ടാക്കുകയോ, ആരാധനയ്ക്ക് വരുന്നവർക്ക് മാർഗതടസ്സം സൃഷ്ടിക്കുകയോ ചെയ്യരുതെന്നും കോടതി ഉത്തരവായി.




കാതോലിക്കാപക്ഷം മേൽപറഞ്ഞ ഡിസ്ട്രിക്ട്ട് കോടതിയുടെ (എറണാകുളം പള്ളി കോടതി) ഉത്തരവിനെതിരെ A.S. 11/2003 നമ്പരായി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. കീഴ്ക്കോടതി വിധി സ്റ്റേ ചെയ്യണമെന്ന കാതോലിക്കാപക്ഷത്തിന്റെ ആവശ്യം കോടതി അംഗീകരിച്ചില്ല. കാതോലിക്കാപക്ഷത്തിന് ആരാധനയ്ക്കായി കീഴ്ക്കോടതി അനുവദിച്ച 8.15 മുതൽ 10.15 വരെയുള്ള സമയം ഹൈക്കോടതി നിലനിർത്തിയിട്ടുണ്ട്. 1959 മുതൽ ആരംഭിച്ച നിയമയുദ്ധം 44 വർഷമായി തുടർന്നുകൊണ്ടിരിക്കുന്നു.

*--------- end ---------*

*[This article, originally published in 1998 by Rev. Fr. Dr. Mani Rajan, the Vicar of the Arthat Simhasana Church was updated in 2003 for the 'Malankara Sabdham' Magazine. It is this edited version of the article which is reproduced here.]*

**Published in Internet by http://SyriacChristianity.org**